(സി) സർക്കാർ ജീവനക്കാർ സാമുദായിക/മത സംഘടനകളുടെയോ അല്ലെങ്കിൽ അത്തരത്തിലുള്ള ട്രസ്റ്റുകളുടെയോ ഭാരവാഹിയാകുന്നത് വിലക്കിക്കൊണ്ട് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെന്റർ ഓഫ് ഗുഡ് ഗവേർണൻസ്

4 (7560) ശ്രീ. പാലോട് രവി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഭരണ നിർവഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തുന്നതിനും അംഗീകരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇത് സ്ഥാപിക്കുന്നതുവഴി ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. 2012 മാർച്ച് 1-ന് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ, ഭരണ നിർവ്വഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തി അംഗീകരിക്കുന്നതിനുവേണ്ടി മികവിനുള്ള അവാർഡുകൾ ഏർപ്പെടുത്തുന്നതാണെന്നും എന്നും ഈ പ്രക്രിയ സുസ്ഥിരമാക്കുന്നതിന് ഐ.എം.ജി. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് ഇൻ ഗവൺമെന്റ്)-ൽ ഒരു സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് സ്ഥാപിക്കുന്നതുമാണ് എന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി & സി) ഇതിനായി ഒരു സമഗ്രമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഐ.എം.ജി.-യ്ക്ക് നിർദ്ദേശം നൽകുകയും ആയതിൻപ്രകാരം ശുപാർശ സമർപ്പിക്കുകയും പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ചുവരികയുമാണ്.

ഇ-ഫയലിംഗ് സിസ്റ്റം

5 (7561) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഫയലിംഗ് സിസ്റ്റം ഏർപ്പെടുത്തിയ വകുപ്പുകളിൽ അതുമൂലമുണ്ടായിട്ടുള്ള ഗുണദോഷങ്ങൾ പഠിച്ച് കൂടുതൽ സുതാര്യവും കാര്യക്ഷമവുമായ ഒരു സംവിധാനം ഏർപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇ-ഫയലിംഗിൽ തപാൽ സ്കാൻ ചെയ്യേണ്ടത് ആരുടെ ചുമതലയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്കാനിംഗിലെ കാലതാമസം ഫയലുകൾ ഡിലേ ആകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഒരു പുനർ വിചിന്തനം നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും 'ഇ-ഓഫീസ്' നടപ്പാക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ധനകാര്യം വിവരസാങ്കേതികവിദ്യ തുടങ്ങിയ വകുപ്പുകളിലാണ് ഇപ്പോൾ 'ഇ-ഓഫീസ്' സംവിധാനം ഉപയോഗിച്ചു വരുന്നത്. 'ഇ-ഓഫീസ്' സോഫ്റ്റ് വെയറിന്റെ ഉപയോഗം ഇപ്പോൾ പ്രാരംഭദശയിലാണ്. ഈ ഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ അപ്പപ്പോൾത്തന്നെ പരിഹരിച്ച് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയുമാണ്.

(ബി) 'ഇ-ഓഫീസ്' സംവിധാനത്തിൽ തപാലുകൾ സ്കാൻ ചെയ്ത് ബന്ധപ്പെട്ട സെക്ഷനുകൾക്ക് അയച്ചുകൊടുക്കേണ്ട ചുമതല അതത് വകുപ്പുകളുടെ ഓഫീസ് സെക്ഷനുകൾക്കാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

6 (7562) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട് ; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഇതിൽ സാമ്പത്തിക സഹായത്തിനായി ലഭിച്ച അപേക്ഷകൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ 16086 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(ബി) നയപരമായ തീരുമാനം വേണ്ടതും അന്വേഷണം പൂർത്തിയാക്കാനുള്ളതും നടപടിക്രമങ്ങൾ പാലിക്കേണ്ടതും പ്രത്യേക ഫണ്ട് ആവശ്യമുള്ളതുമായ അപേക്ഷകളിലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly